<u>15 -ാം കേരള നിയമസഭ</u>

<u>5 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4233</u> <u>18-07-2022 - ൽ മറുപടിയ്ക്ക്</u>

<u>മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സംരംഭങ്ങൾ തുടങ്ങുന്നതിനായി അപേക്ഷിച്ചവർക്ക് മലിനീകരണ നിയന്ത്രണ ബോർഡ് അനുമതി നൽകാത്തതിനാൽ സംരംഭം ആരംഭിക്കുവാൻ കഴിയാത്ത എത്ര അപേക്ഷകളുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്ന് ലഭ്യമായ രേഖകൾ പ്രകാരം ബോർഡ് നിഷ്കർഷിക്കുന്ന വിവിധ മാനദണ്ഡങ്ങൾ പാലിക്കാത്തതിനാൽ 2015 മുതൽ (12.07.2022 വരെ) 235 സ്ഥാപനാനുമതി അപേക്ഷകളും 444 പ്രവർത്തനാനുമതി അപേക്ഷകളും നാളിതു വരെ നിരസിച്ചിട്ടുണ്ട്. |
| (ബി) | 2021-22 സാമ്പത്തിക വർഷത്തിൽ വർക്കല മണ്ഡലത്തിൽ നിന്നും ലഭിച്ച എത്ര അപേക്ഷകളിൽ അനുമതി നൽകുവാനുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | 2021-22 സാമ്പത്തിക വർഷത്തിൽ വർക്കല താലൂക്കിൽ നിന്ന് 143 അപേക്ഷകൾ ലഭിച്ചു. കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും അതിൽ 135 അപേക്ഷകൾക്ക് അനുമതി നൽകിയിട്ടുണ്ട്. ബാക്കി 8 അപേക്ഷകളിൽ അപൂർണ്ണമായതും, മതിയായ ഫീസ് ഒടുക്കാത്തതുമായ 7 അപേക്ഷകളും, ദൂരപരിധി മാനദണ്ഡം പാലിക്കാത്ത ഒരു അപേക്ഷയും അപേക്ഷകന് മടക്കി നൽകിയിട്ടുണ്ട്. എന്നാൽ ആയവ പുന:സമർപ്പിച്ചിട്ടില്ല. നിലവിൽ അനുമതി ലഭിക്കാനുള്ള അപേക്ഷകൾ ഒന്നും തന്നെയില്ല. |
| (സി) | പ്രസ്തുത സാമ്പത്തിക വർഷത്തിൽ വർക്കല മണ്ഡലത്തിൽ നിന്നും ലഭിച്ച അപേക്ഷകളിൽ മലിനീകരണ നിയന്ത്രണ ബോർഡ് അനുമതി നൽകാത്ത അപേക്ഷകളിൽ കൈകൊണ്ടിട്ടുള്ള തീരുമാനങ്ങൾ വിശദമാക്കാമോ? | (സി) | അപൂർണ്ണമായ അപേക്ഷകളിൻമേൽ മതിയായ രേഖകൾ/ഫീസ് ഒടുക്കി പുന:സമർപ്പിക്കുന്നതിന് രേഖാമൂലം നിർദ്ദേശം നൽകിയിട്ടുണ്ട്. മാനദണ്ഡങ്ങൾ പാലിക്കാത്ത യൂണിറ്റിന് കാരണം വിശദമാക്കിക്കൊണ്ട് നോട്ടീസും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ